AUG 15 2023

# MAJLIS OBSERVER

BI-WEEKLY NEWSLETTER FROM MEDIA AND COMMUNICATION DEPT. ( SECOND YEAR )

CHIEF PATRON: Dr. Mohammed Kutty K K ( Principal, MASC) CHIEF EDITOR: Mr. Noushad N (HOD, Media and Communication) STAFF EDITOR: Shihabudheen P (Tutor, BAJMC) CHIEF STUDENT EDITOR : Abida. M. V (S3 BAJMC)

## കോമേഴ്സ് ബ്ലോക്ക്, ഗ്രാഫിക് ലാബ് ഉൽഘാടനം




*മുനവ്വറലി ശിഹാബ് തങ്ങൾ പരിപാടിയിൽ സംസാരിക്കുന്നു*

പുറമണ്ണൂർ : മജ്‌ലിസ് ആർട്സ് &സയൻസ് കോളേജിൽ പുതിയ കോമേഴ്സ് ബ്ലോക്കും, ഗ്രാഫിക് ലാബ് ഉൽഘാടനവും നടന്നു. ജൂലൈ 31 ന് നടന്ന പരിപാടി സയ്യിദ് മുനവ്വറലി ശിഹാബ് തങ്ങൾ ഉൽഘാടനം ചെയ്തു. അഞ്ച് യു.ജി പ്രോഗ്രാമും, ഒരു പിജി പ്രോഗ്രാമുമുള്ള കോമേഴ്സ് ബ്ലോക്കാണ് വിദ്യാർത്ഥികൾക്കായി തുറന്നത്. ഇതിനോടാനുബന്ധിച്ച് ഈ വർഷം കോളേജിൽ അഡ്മിഷൻ നേടിയ കുട്ടികളെ വരവേൽക്കുന്ന ചടങ്ങും, ഉത്തരേന്ത്യയിൽ മജ്‌ലിസ് ഏറ്റെടുക്കുന്ന ഗ്രാമത്തിന്റെ ഫലപ്രഖ്യാപനവും നടന്നു. എം എൽ എ പ്രൊഫസർ ആബിദ് ഹുസൈൻ തങ്ങൾ ഗ്രാഫിക് ലാബ് ഉദ്ഘാടനം നിർവഹിച്ചു. പ്രസിഡൻറ് ജനാബ് കെഎസ് തങ്ങൾ,ജനറൽ സെക്രട്ടറി ജനാബ് എം പി മുസ്തഫ ഫൈസി, തുടങ്ങിയവരുടെ നേതൃത്വത്തിൽ 2022 23 വിരുദ്ധ പരീക്ഷയിൽ ഉന്നത വിജയം നേടിയ വിദ്യാർത്ഥികളെ ആദരിച്ചു. മറ്റു സാംസ്കാരിക രംഗത്തെ പ്രമുഖരും ചടങ്ങിൽ പങ്കെടുത്തു. ചടങ്ങിൽ വെച്ച് മൂന്നാം തവണയും കാലിക്കറ്റ് യൂണിവേഴ്സിറ്റി സെനറ്റ് അംഗമായി തിരഞ്ഞെടുക്കപ്പെട്ട മജ്‌ലിസ് കോളേജ് കമ്മിറ്റി സെക്രട്ടറിയും, മാനേജരും ആയ സിപി ഹംസ എന്നിവരെ ആദരിക്കുന്ന ചടങ്ങും നടന്നു. കോളേജ് ഗവർണർ ബോഡി ചെയർമാൻ സലിം കുരുവമ്പലം സ്വാഗതം പറഞ്ഞു. പ്രിൻസിപ്പൽ മുഹമ്മദ് കുട്ടി പരിപാടിക്ക് അധ്യക്ഷത വഹിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റ് മെമ്പർ പി കെ കലിമുദ്ദീൻ, മുഖ്യപ്രഭാഷണം നടത്തി. വൈസ് പ്രസിഡൻറ് കെ കെ എച്ച് തങ്ങൾ, ട്രഷറർ ടി പി മാനു ഹാജി, ഡയറക്ടർ ശ്രീ നൗഷാദ്, വൈസ് പ്രിൻസിപ്പൽ പ്രൊഫസർ കെ മുഹമ്മദ് ഹനീഫ, പിടിഎ വൈസ് പ്രസിഡൻറ് ശ്രീ അബ്ദുറഹിമാൻ തുടങ്ങിയവർ ആശംസകൾ അറിയിച്ചു. ഫറൂഖ് ട്രെയിനിങ് കോളേജിലെ അസിസ്റ്റൻറ് പ്രൊഫസർ മുഹമ്മദ് ശരീഫിന്റെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കും രക്ഷാകർക്കുമുള്ള ഓറിയന്റെഷൻ പ്രോഗ്രാമും നടന്നു. സ്റ്റാഫ് സെക്രട്ടറി അഭിലാഷ് കെ നന്ദി പറഞ്ഞു.

## ഒന്നാം വർഷ വിദ്യാർത്ഥികളെ വരവേറ്റു



*സീനിയർ വിദ്യാർത്ഥികൾ നവാഗതർക്ക് മധുരം നൽകുന്നു*

പുറമണ്ണൂർ : മജിലിസ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ ഈ വർഷം അഡ്മിഷൻ നേടിയ കുട്ടികളെ വരവേൽക്കുന്ന ചടങ്ങ് സംഘടിപ്പിച്ചു. ജൂലൈ 31 ന് നടന്ന പരിപാടിയിൽ ആയിരത്തിൽപ്പരം വരുന്ന നവാഗതർ പങ്കെടുത്തു. ഇതിനോടനുബന്ധിച്ച് ഫറൂഖ് ട്രെയിനിങ് കോളേജ് അസിസ്റ്റൻറ് പ്രൊഫസർ മുഹമ്മദ് ശരീഫ് എന്നിവരുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും ഉള്ള ഓറിയന്റേഷൻ പരിപാടിയും നടന്നു. പുതിയ കൊമേഴ്സ് ബ്ലോക്കും ഗ്രാഫിക് ലാബും വിദ്യാർത്ഥികൾക്കായി തുറന്നതിനെ കുറിച്ച് യോഗത്തിൽ സംസാരിച്ചു. കോളേജിലെ സൗകര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തണമെന്നും പഠനത്തിൽ ശ്രദ്ധ കേന്ദ്രീകരിക്കണമെന്നും വിദ്യാർത്ഥികളെ ഓർമ്മപ്പെടുത്തി. കുട്ടികളുടെ അറ്റൻഡൻസ് യൂണിഫോം അടക്കം കോളേജിൽ പാലിക്കേണ്ട മര്യാദകളെ പറ്റി രക്ഷിതാക്കൾക്ക് അവബോധം നൽകി. ശേഷം കുട്ടികളെ അതത് ക്ലാസുകളിലേക്ക് മാറ്റി. സീനിയർ കുട്ടികളുടെ നേതൃത്വത്തിൽ വിദ്യാർത്ഥികൾക്ക് മധുരം നൽകി

## ഒന്നാം വർഷ വിദ്യാർത്ഥികൾക്കായി ഇൻഡക്ഷൻ പ്രോഗ്രാം സംഘടിപ്പിച്ച് ഐ.ഇ.ഡി .സി



*ഇൻഡക്ഷൻ പ്രോഗ്രാം നടത്തുന്ന സീനിയർ വിദ്യാർത്ഥികൾ*

പുറമണ്ണൂർ : വിദ്യാർഥികളിൽ നവീനചിന്തകളെ വളർത്തുവാനും അത് സംരംഭങ്ങൾ ആക്കുവാനുമായി കേരള സ്റ്റാർട്ട് അപ്പ് മിഷന്റെ കീഴിൽ മജ്‌ലിസ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ പ്രവർത്തിച്ചു വരുന്ന ഐഇഡിസി സെൽ നവാഗതരായ വിദ്യാർത്ഥികൾക്ക് ആയി ഇൻഡക്ഷൻ പ്രോഗ്രാം നടത്തി. രാവിലെ മുതൽ വൈകുന്നേരം വരെ നീണ്ട പരിപാടിയിൽ മീഡിയ കമ്മ്യൂണിക്കേഷൻ വകുപ്പിലെ വിവിധ ക്ലാസ്സുകളിലെ വിദ്യാർഥികൾ ആണ് ആദ്യ ദിനത്തിൽ പങ്കെടുത്തത്.രാവിലെ മുതൽ ഉച്ച വരെ മൾട്ടിമേഡിയ, ബിഡെസ്, ഗ്രാഫിക്സ് വിദ്യാർഥികൾ ആണ് പങ്കെടുത്തത്. ഉച്ചക്ക് ശേഷം മാസ്സ് കമ്മ്യൂണിക്കേഷൻ ജേർണലിസം, വിശ്വൽ കമ്മ്യൂണിക്കേഷൻ ക്ലാസ്സുകളിലെ വിദ്യാർത്ഥികളും ആണ് പങ്കാളികൾ ആയത്. നോടൽ ഓഫീസർ മുഹമ്മദ് ജാബിർ, അസിസ്റ്റന്റ് നോടൽ ഓഫീസർ സുനേഷ് പാറയിൽ തുടങ്ങിയവർ വിദ്യാർത്ഥികളെ സ്വാഗതം ചെയ്തു . പിന്നീട് നിലവിലെ ഐഇഡിസി സിഇഒ ആയ മൂന്നാം വർഷ ബിസിഎ വിദ്യാർത്ഥി കൂടി ആയ മുഹമ്മദ് റാഷിൽ, ഐഇഡിസി യുടെ പ്രവർത്തങ്ങളെ പറ്റിയും, മുൻ വർഷങ്ങളിൽ നടത്തിയ പരിപാടികളുടെ വിവരാംശങ്ങളെ പറ്റിയും വിദ്യാർത്ഥികളുമായി സംസാരിച്ചു.അതിന് ശേഷം ഐഇഡിസിയുടെ കേരള സ്റ്റാർട്ട് അപ്പ് മിഷന്റേയും ലക്ഷ്യങ്ങളെ പറ്റിയും,ഇന്നോവേഷൻ, പിന്നീട് സംരംഭകത്വത്തിലേക് ചുവട് വെക്കുവാൻ സഹായിക്കുന്ന വിവിധ പദ്ധതികളെ പറ്റി അവബോധം നൽകികൊണ്ട് ഐഇഡിസി സിടിഒ ആയ രണ്ടാം വർഷം ബിഎസ്സി ഫിസിക്സ് വിദ്യാർത്ഥി യാസീനും, ഐഇഡിസി സിഎസ്ഒ ആയ രണ്ടാം വർഷ ബിസിഎ വിദ്യാർത്ഥി ദിൽഷാദും സംസാരിച്ചു. പിന്നീട് വിദ്യാർഥികളിൽ രസചരട് പൊട്ടിച്ച കഹൂട്ട് ക്വിസ് മത്സരത്തിന് ശേഷം കോളേജിൽ പ്രവർത്തിച്ചു വരുന്ന സ്റ്റുഡന്റസ് കമ്മ്യൂണിറ്റികൾ ആയ സ്റ്റാക്ക്ഹബ്, ടിങ്കർഹബ് നെ പരിചയപ്പെടുത്തി കൊണ്ട് സ്റ്റാക്ക്ഹബ് ലീഡ്, രണ്ടാം വർഷ ബിഎ വിസി വിദ്യാർത്ഥി അഭിഷേക്, ടിങ്കർഹബ് ലീഡ്,രണ്ടാം വർഷ ബിഎസ്സി സിഎസ് വിദ്യാർത്ഥിനി ഷിഫാന തുടങ്ങിയവർ സംസാരിച്ചു. പെൺകുട്ടികളിൽ നവസാങ്കേതികവിദ്യകളിൽ താത്പര്യം ഉണർത്താനും, പങ്കാളിത്തം ഉറപ്പിക്കാനും വേണ്ടി പ്രവർത്തിക്കുന്ന വുമൺ ഇൻ ടെക് , വുമൺ ഓഫ് വൺഡേസ് തുടങ്ങിയവയെ പറ്റി രണ്ടാം വർഷ ബിഎ എംസി വിദ്യാർത്ഥിനി ആബിദ സംസാരിച്ചു.ഐഇഡിസിയുടെ ടസ്റ്റാക്ക്ഹബ്ന്റെയും മറ്റും പ്രവർത്തന മേഖലകളെ പറ്റി വിദ്യാർത്ഥികളെ അറിയിക്കാനും അവരെ അതിലേക് സ്വാഗതം ചെയ്യ്തു.

## വനിതകൾക്കായി സംരംഭകത്വ വികസന വർക്ക്ഷോപ്പ് സംഘടിപ്പിച്ചു




*കോമേഴ്സ് വിഭാഗം എച്ച് ഒ ഡി നിഖിൽ സംസാരിക്കുന്നു*

പുറമണ്ണൂർ : ആഗസ്റ്റ് 2 ന് കോമേഴ്സ് വിഭാഗവും ഇ ഡി ക്ലബ്ബും വുമൺ ഡെവലപ്പ്മെന്റ് സെല്ലും സംയുക്തമായി സ്ത്രീ സംരംഭഗത്വം നിങ്ങളുടെ സ്വന്തം അഭിനിവേശം കൊണ്ട് ശാക്തീകരിക്കുക എന്നതിനെ പറ്റി വർക്ക് ഷോപ്പ് സംഘടിപ്പിച്ചു.'മൈനാച്ചുറൽസ്'എന്നാ ഓർഗാനിക് ഹാൻഡ്മെയിട് ഹെർബൽ ആൻഡ് ബ്യൂട്ടി പ്രോഡക്ടസ് ന്റെ സ്ഥാപകയും, മാനേജിങ് ഡയറക്ടറും, മജ്‌ലിസ് കോളേജിലെ പൂർവ വിദ്യാർതിയുമായ ദിപ്തി എം.ജി യാണ് മുഖ്യാതിഥിയായി എത്തിയത്. മജ്‌ലിസ് കോളേജ് പ്രിൻസിപ്പൽ ഡോ. മുഹമ്മദ് കുട്ടി.കെ കെ വർക്ക് ഷോപ്പ് ഉദ്ഘാടനം നിർവഹിച്ചു. എ.വി. ഹാളിൽ വെച്ചാണ് വർക്ക് ഷോപ്പ് നടന്നത്. വർക്ക് ഷോപ്പിൽ ഈ കാലഘട്ടത്തിൽ സ്ത്രീകൾ മുന്നോട് കൊണ്ട് വരുന്ന സംരംഭകത്വ ചിന്തകളെ പറ്റിയും. അവരവരുടെ സ്വന്തം താല്പര്യാ നുസരണവും, അഭിനിവേശാനുസരണവും കൊണ്ട്, സംരംഭകത്വ ചിന്ത വളർത്തുവാനും, ശക്തിപ്പെടുത്താനും ആശയവും അറവും നൽകി.

# റാഗിങ്

# :ക്യാമ്പസ് ജീവിതത്തിലെ കരട്

നിലവിൽ കേരളത്തിലെ എന്നല്ല രാജ്യവ്യാപകമായി വിദ്യാഭ്യസ സ്ഥാപനങ്ങളിൽ കണ്ടു വരുന്ന ഒരു ''ആചാരം'' ആണ് റാഗിങ് സീനിയർ ആയ വിദ്യാർഥികൾ, ജൂനിയർ വിദ്യാർത്ഥികളുടെ മേൽ തങ്ങളുടെ ആധിപത്യം സ്ഥാപിക്കാൻ ആണ് ഇത് നടത്തി വരുന്നത്.പാട്ട് പാടിക്കുക മുതൽ പലപ്പോഴും ദേഹോപദ്രവത്തിൽ വരെ എത്താറുള്ള ഈ ക്രിമിനൽ സ്വഭാവമുള്ള പ്രവർത്തി ഇന്ത്യൻ നിയമം മൂലംക്രിമിനൽ കുറ്റമാണ്. റാഗിങ് പലപ്പോഴും പല വിദ്യാർത്ഥികളുടെ ജീവിതത്തെ തന്നെ ബാധിക്കാറുണ്ട്. പഠിക്കാൻ വേണ്ടി കോളേജിലേക് വരുന്നവരെ മറ്റു ഉദ്ദേശങ്ങൾ കണക്കാക്കി വരുന്നവരാണ് പലപ്പോഴും റാഗ് ചെയ്യുക. വിദ്യാർഥികളുടെ അവകാശങ്ങൾ സംരക്ഷിക്കാനും മറ്റും ആണെന്ന് കൊട്ടിഘോഷിച്ചു പ്രവർത്തിക്കുന്ന രാഷ്ട്രീയ വിദ്യാർത്ഥി സംഘടനകളുടെ രഹസ്യ ഒത്താശയും പലപ്പോഴും ഇതിൽ കണ്ടു വരുന്നു. റാഗിങ് കേസിൽപ്പെടുന്ന ഒരു വിദ്യാർത്ഥി പിന്നീട് ഒരിക്കലും ഒരു കോളേജിൽ ചേർന്ന് പഠിക്കുവാൻ സാധിക്കില്ല എന്ന് മാത്രമല്ല ക്രിനിമൽ റെക്കോർഡ് ഇൽ പേര് വരുന്നത് മൂലം ഭാവി ജീവിതം തുലാസിൽ ആവും.അത് കൊണ്ട് തന്നെ ക്യാമ്പസ് നെ മലീമസമാക്കുന്ന ഈ ഏർപ്പാടിൽ നിന്ന് മാറി നിൽകുകയും, അങ്ങനെ പ്രശ്നങ്ങൾ നേരിടുന്നവർ അത് ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും വേണം.




### റാഗിങ്ങിനെ തുടർന്ന് നാല് വിദ്യാർത്ഥികളെ പുറത്താക്കി

പുറമണ്ണൂർ : മജ്‌ലിസ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ റാഗിങ്ങിനെ തുടർന്ന് വിദ്യാർത്ഥികളെ പുറത്താക്കി.മൈക്രോബിയോളജി,സോഷ്യാളജി ഒന്നും മാസ്സ്കമ്മ്യൂണിക്കേഷൻ രണ്ടും മൂന്നാം വർഷ നാല് ബിരുദ വിദ്യാർത്ഥികളെ ആണ് പുറത്താക്കിയത്. ഒന്നാം വർഷ ബിരുദ വിദ്യാർത്ഥികൾക്കെതിരെയുള്ള മർദ്ധനതെ തുടർന്നാണ് കോളേജ് അധികൃതർ നടപടി എടുത്തത്.

# ലോക ഇമോജി ദിനം ആഘോഷിച്ച് മീഡിയ വിദ്യാർത്ഥികൾ




പുറമണ്ണൂർ : ജൂലായ് 19 ലോക ഇമോജി ദിനത്തോടനുബന്ധിച്ച് മജ്‌ലിസ് കോളേജിൽ മൂന്നാം വർഷം ബി.എ മൾട്ടി മീഡിയ വിദ്യാർത്ഥികൾ 'Xpression' എന്ന പരിപാടി സംഘടിപ്പിച്ചു. പ്രോഗ്രാം കോഡിനേറ്റർ ശ്രീജിത്തിന്റെ നേതൃത്വത്തിലാണ് പരിപാടി നടന്നത്. വിദ്യാർത്ഥികൾക്ക് ആവേശകരമാക്കി കൊണ്ട് ക്വിസ്, ഫെയ്സ് പെയ്ന്റിങ്, ട്രഷർ ഹണ്ട്, ഇമോജി സോൾവർ, ഇമോജി പസ്സിൽ, ഇമോജി മേയ്ക്കിങ് എന്നീ മത്സരങ്ങൾ നടന്നു. മീഡിയ വിഭാഗം മേധാവി നൗഷാദ് പരിപാടി ഉദ്ഘാടനം ചെയ്തു. അധ്യാപകരായ സുനേഷ് പാറയിൽ, അഭിലാഷ് എന്നിവർ വിജയികൾക്കുള്ള സമ്മാനദാനം നിർവ്വഹിച്ചു.പങ്കെടുത്ത എല്ലാ മത്സരാർഥികൾക്കും പരിവാടി കൺവിനർമരായ റാനിയ, ഹർഷദ് എന്നിവർ നന്ദി അറിയിച്ചു.

# ആദിവാസികളെ അടുത്തറിയാൻ ഊര് പദ്ധതിയുമായി സോഷ്യോളജി വിഭാഗം

പുറമണ്ണൂർ : സമൂഹത്തിൽ നിന്ന് മാറ്റിനിർത്തപെടുന്ന,പലപ്പോഴും അവഗണന നേരിടുന്ന ആദിവാസി ഊരിലെ നിവാസികൾക്ക് കൈത്താങ്ങയി മജ്‌ലിസ് കോളേജിലെ സോഷ്യോളജി വിദ്യാർഥികൾ. ആഗസ്ത് 4 വയനാട് ജില്ലയിലെ വൈത്തിരി താലൂക്കിലെ ഭൂതാനത്ത് വെച്ചാണ് വിദ്യാർഥികൾ 'ഊര്' എന്നാ പദ്ധതിക് തുടക്കം കുറിച്ചത്.കോളേജിലെ രണ്ടാം വർഷം സോഷ്യോളജി വിദ്യാർഥികൾ ആണ് ഇത്തരം ഒരു ആശയവുമായി മുന്നോട്ട് വന്നത്. സമൂഹത്തിൽ പിന്നോക്കം നിൽക്കുന്നവരെ മുഖ്യധാരയിലേക് കൊണ്ട് വരാൻ ലക്ഷ്യം വെച്ച് കൊണ്ടാണ് ഈ പദ്ധതി രൂപപെടുത്തിയത്. പദ്ധതിക് വേണ്ട എല്ലാവിധ സഹായഹസ്തവുമായി കോളേജ് മുഴുവനും അണിനിരക്കുന്ന കാഴ്ചകും മജ്‌ലിസ് സാക്ഷിയായി.കോളേജ് വിദ്യാർത്ഥികളിൽ നിന്ന് ശേഖരിച്ച വസ്ത്രങ്ങളുമായി സോഷ്യോളജിയിലെ 3 അധ്യാപകരും 31 വിദ്യാർത്ഥികളുമാണു ഊരുകളിലേക്ക് പോയത്.സോഷ്യോളജി മേധാവി സമീഹ്, മറ്റ് അധ്യാപകർ ആയ സ്റ്റാനി മരിയ ജോജി, ഫാത്തിമ ഷിറിൻ എന്നിവരാണ് വിദ്യാർത്ഥികളുടെ കൂടെ പോയത്.ആദിവാസി ഊരിലെ ജീവിതത്തെ പറ്റി, മൂപ്പനോട് വിദ്യാർഥികൾ സംസാരിച്ചു. അവരുടെ ജീവിത സാഹചര്യങ്ങളെ പറ്റിയും, രീതികളെ പറ്റിയും, മറ്റാചാരങ്ങളെ പറ്റിയും പഠിക്കാൻ അവർക്കായി.വിദ്യാർഥികളുടെ പരിശ്രമത്താൽ ശേഖരിച്ച വസ്ത്രങ്ങൾ അടക്കമുള്ള ആവശ്യ വസ്തുക്കൾ അവർക്ക് കൈമാറുകയും പിന്നീട് അവരുമായി അല്പസമയം കൂടി ചില വഴിച്ച ശേഷം ആണ് ഏവരും പിരിഞ്ഞത്. ഇത്തരം പദ്ധതികൾ കോളേജിലെ മറ്റു വിദ്യാർഥികൾക്കും സമൂഹത്തിലെ പിന്നോട്ട് നിൽക്കുന്നവരെ മുന്നിലേക്ക് കൊണ്ട് വരുന്നതിൽ ഒരു കൈ നൽകാൻ പ്രചോദനം ആവുമെന്ന് ഉറപ്പാണ്.



*വസ്തുക്കൾ കൈമാറി സേഷിയോളജി വിഭാഗം*

### എൻഎസ്എസ് കലോൽസവം



*കലോത്സവത്തിൽ പങ്കെടുത്ത എൻഎസ്എസ് വിദ്യാർത്ഥികൾ*

പുറമണ്ണൂർ : ഗ്വർണിക എന്ന പേരിൽ എൻഎസ്എസ് കലോത്സവം ഫാറൂഖ് ട്രെയിനിങ് കോളേജിൽ വെച്ച് നടന്നു. കാലിക്കറ്റ് യൂണിവേഴ്‌സിറ്റി യുടെ കീയിലുള്ള വിവിധ കോളേജിൽ നിന്നും 400 ൽ പരം എൻഎസ്എസ് വിദ്യാർഥികൾ പരിപാടിയിൽ പങ്കെടുത്തു . ഇരുപതിൽ അതികം കലാപരിപാടികൾ സംഘടിപ്പിച്ചു കൊണ്ട് രണ്ട് ദിവസം നീണ്ടു നിന്ന പരിപാടി ആയിരുന്നു ഗ്വർണിക. ഒരു യൂണിറ്റിൽ നിന്നും ഒരു വിദ്യാർത്ഥിക്ക് രണ്ട് വ്യക്തിഗത ഇനത്തിലും ഒരു സംഗ ഇനത്തിലും മത്സരിക്കാം എന്ന രീതിയിലായിരുന്നു പരിപാടി നടന്നത് രണ്ടാം വർഷ ബിബിഎ വിദ്യാർത്ഥി ആതിഷിന് ലളിത ഗാനത്തിൽ ഒന്നാം സ്ഥാനവും മൂന്നാം വർഷ കെമിസ്ട്രി വിദ്യാർഥിനി അയിഷ ഷെറിന് ഓയില് പെയ്ന്റിങ്ങിൽ മൂന്നാം സ്ഥാനവും ലഭിച്ചു

# അന്താരാഷ്ട്ര പ്രക്ഷേപണ ദിനം ആചരിച്ചു.

പുറമണ്ണൂർ : മജ്‌ലിസ് കോളേജിൽ അന്താരാഷ്ട്ര സംപ്രേക്ഷണ ദിനതൊടാനുബന്ധിച്ച് വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു . ജൂലൈ 26ന് നടന്ന പരിപാടി മൂന്നാം വർഷ മാസ്സ്കമ്മ്യൂണിക്കേഷൻ &ജേർണലിസം വിദ്യാർത്ഥികൾ നേതൃത്വം നൽകി.ക്വിസ് മത്സരം, ന്യൂസ് റീഡിങ്, റേഡിയോജോക്കി, തുടങ്ങിയ മത്സരങ്ങളാണ് നടന്നത്. ക്വിസ് മത്സരത്തിൽ, രണ്ടാംവർഷ ബി.എസ്.സിവിദ്യാർത്ഥി മുഹമ്മദ് സുഹൈൽ,ബി.എ വിഷ്വൽ കമ്മ്യൂണിക്കേഷൻ വിദ്യാർത്ഥി അഭിഷേക്, ബി.എസ്. സി മാത്സ് വിദ്യാർത്ഥികൾ ഷിബില, ഷിംന തുടങ്ങിയവർ വിജയികളായി.തുടർന്ന് എ. വി. ഹാളിൽ വെച്ച് പ്രിൻസിപ്പൽ മുഹമ്മദ് കുട്ടി പാഠ്യേതര വിഷയങ്ങളുടെ പ്രാധാന്യത്തെ കുറിച്ച് സംസാരിക്കുകയും, വിജയികൾക്കുള്ള മീഡിയ & കമ്മ്യൂണിക്കേഷൻ ഡിപ്പാർട്മെന്റിലെ അധ്യാപകരായ സുനീഷ്, അഭിലാഷ് എന്നിവരുടെ പിൻതുണ പരിപാടിയെ വിജയകരമാക്കി.



*ന്യൂസ് റീഡിങ്ങ്സിൽ ഒന്നാം സ്ഥാനം കരസ്ഥമാക്കിയ ബിഎസി വിദ്യാർത്ഥി സുഹൈൽ ബി യെ പ്രിൻസിപ്പൽ മുഹമ്മദ്കുട്ടി കെ കെ സമ്മാനം നൽകുന്നു*

# ലോക മസ്തിഷ്ക ദിനം

പുറമണ്ണൂർ : ലോക മസ്തിഷ്ക ദിനത്തോടനുബന്ധിച്ച് മീഡിയ ആൻഡ് കമ്മ്യൂണിക്കേഷനു കീഴിൽ അവസാന വർഷ വിഷ്വൽ കമ്മ്യൂണിക്കേഷൻ വിദ്യാർഥികൾ വിവിദമാർന്ന പരിപാടികൾ സംഘടിപ്പിച്ചു . ജൂലൈ 24 തിങ്കളാഴ്ച പ്രിവ്യൂ തിയേറ്ററിൽ വെച്ചായിരുന്നു മസ്തിഷ്കത്തിൽ ബ്ലഡ് പ്രളയം എന്ന പരിപാടി സംഘടിപ്പിച്ചത് . ശരാഡ്സ്, പസ്സിൽ, കാഴ്ച പരിശോധന, നിദി തിരയൽ, സുടോകോ, റുബിക്സ് ക്യൂബ്, മൈമൈ കണ്ടെത്തൽ. എന്നീ മത്സരങ്ങളാണ് സംഘടിപ്പിച്ചത്. രാവിലെ 9.30 മുതൽ വൈകീട്ട് 3.15 വരെ ആണ് പരിപാടിനടന്നത്

# അക്ഷയ് ദാസിനായി മജ്‌ലിസ് എൻഎസ് എസ് യൂണിറ്റ് ഒന്നിക്കുന്നു

പുറമണ്ണൂർ : കൊളത്തൂർ നാഷണൽ ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർത്ഥിയായ അക്ഷയ് ദാസിന്റെ ശസ്ത്രക്രിയയ്ക്ക് 50 ലക്ഷം രൂപ സ്വരൂപിക്കാൻ സ്കൂൾ വിദ്യാർത്ഥികളുടെ **ചായപ്പൊടി** ചലഞ്ചിൽ മജിലിസ് എൻഎസ്എസ് യൂണിറ്റും ഭാഗമായി . മജ്‌ലിസിലെ എല്ലാ വിദ്യാർത്ഥികളും അധ്യാപകരും ഈ ചലഞ്ചിൽ പങ്കെടുത്തു . **ചായപ്പൊടി** വിറ്റ് കിട്ടിയ തുക കൊളത്തൂർ നാഷണൽ ഹയർസെക്കൻഡറി സ്കൂളിൽ ഏൽപ്പിച്ചു.



*ചായപ്പൊടി ചലഞ്ച് ഏറ്റെടുത്ത് കൊമേഴ്സ് ഡിപ്പാർട്ട്മെന്റ് അധ്യാപകർ*

Sub editor : Krishnapriya Subhash, Fathima Nadha.K (S3 BAJMC) Abhishek Venugopal, Rufaida ( S3 BAVC) Nada (S3 BAMM)Design and Layout : Jishnu. P (S3 BAMM)